പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 211

# 2024-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 211

# 2024-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ

851/2024(i).

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 211

# 2024-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ

2020 മാർച്ച് 31-ാം തീയതി അവസാനിച്ച സാമ്പത്തിക വർഷത്തിൽ ചില സർവ്വീസുകൾക്കായി ആ വർഷത്തിൽ അനുവദിച്ച തുകകളിൽ കവിഞ്ഞ് ചെലവാക്കിയ തുകകൾ നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിത നിധിയിൽനിന്നും ധനം വിനിയോഗിക്കാൻ അധികാരപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—2020 മാർച്ച് 31-ാം തീയതി അവസാനിച്ച സാമ്പത്തിക വർഷത്തിൽ ചില സർവ്വീസുകൾക്കായി ആ വർഷത്തിൽ അനുവദിച്ച തുകകളിൽ കവിഞ്ഞ് ചെലവാക്കിയ തുകകൾ നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിത നിധിയിൽനിന്നും ധനം വിനിയോഗിക്കാൻ അധികാരപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത് ആവശ്യമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു: —

1. ചുരുക്കപ്പേർ.—ഈ ആക്റ്റിന് 2024-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

2. 2020 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ ചില അധിക ചെലവ് നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും 336,63,05,807 രൂപ നൽകൽ.—പട്ടികയിലെ (2)-ാം കോളത്തിൽ നിർദ്ദേശിച്ചിട്ടുള്ള സർവ്വീസുകൾ സംബന്ധിച്ച് 2020 മാർച്ച് 31-ാം തീയതി അവസാനിച്ച സാമ്പത്തിക വർഷത്തിൽ ആ സർവ്വീസുകൾക്ക് ആ വർഷത്തേക്കുവേണ്ടി അനുവദിച്ച തുകകളിൽ കവിഞ്ഞ് ചെലവാക്കിയ തുകകൾ നേരിടുന്നതിനായി പട്ടികയിലെ (3)-ാം കോളത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഒട്ടാകെ മുന്നൂറ്റി മുപ്പത്തിയാറ് കോടി അറുപത്തിമൂന്ന് ലക്ഷത്തി അയ്യായിരത്തി എണ്ണൂറ്റി ഏഴ് രൂപ വരുന്ന തുക കേരള സംസ്ഥാന സഞ്ചിത നിധിയിൽനിന്നും നൽകുന്നതിനും വിനിയോഗിക്കുന്നതിനും അധികാരപ്പെടുത്തിയിരുന്നതായി കരുതപ്പെടുന്നതാണ്.

3. ധനവിനിയോഗം.—ഈ ആക്റ്റിൻ കീഴിൽ കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുന്നതിനും വിനിയോഗിക്കുന്നതിനും അധികാരപ്പെടുത്തിയിരുന്നതായി കരുതപ്പെടുന്ന തുകകൾ 2020 മാർച്ച് 31-ാം തീയതി അവസാനിച്ച സാമ്പത്തിക വർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിച്ചിട്ടുള്ളതായി കരുതപ്പെടുന്നതാണ്.

## പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | കവിഞ്ഞത് | | |
| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | | നിയമസഭ വോട്ട് ചെയ്തത് (₹) | സഞ്ചിതനിധിയിൽ ചാർജ്ജ് ചെയ്തത് (₹) | ആകെ (₹) |
| 1 | | പൊതുകടം തിരിച്ചടയ്ക്കൽ | മൂലധനം | .. | *336,63,05,807* | 336,63,05,807 |
| | | | ആകെ | .. | *336,63,05,807* | 336,63,05,807 |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2019–2020 സാമ്പത്തിക വർഷത്തെ ചില സർവ്വീസുകൾക്ക് പ്രസ്തുത വർഷം ആ സർവ്വീസുകൾക്ക് അനുവദിച്ച തുകയിൽ കവിഞ്ഞ് ചെലവാക്കിയ തുകകൾ നേരിടുന്നതിന് കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ധനം വിനിയോഗിക്കാൻ വ്യവസ്ഥ ചെയ്യുന്നതിന് വേണ്ടി ഭാരതത്തിന്റെ ഭരണഘടനയുടെ 205-ാം അനുച്ഛേദവുമായി കൂട്ടി വായിച്ച പ്രകാരമുള്ള അതിലെ 204-ാം അനുച്ഛേദം (1)-ാം ഖണ്ഡമനുസരിച്ച് അവതരിപ്പിച്ചിട്ടുള്ളതാണ് ഈ ബിൽ.

കെ. എൻ. ബാലഗോപാൽ